## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് പ്രസവാവധി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4670

05.02.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. എം. ഷാജി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് എന്നാണ് നിലവിൽ വന്നതെന്നും 2013 ഡിസംബർ 31 വരെ എത്ര തൊഴിൽദിനങ്ങൾ നൽകി എന്നും തൊഴിലാളികളുടെ കൂലി ഇനത്തിൽ 2013 ഡിസംബർ 31 വരെ എന്തുതുക ചെലവഴിച്ചു എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് 2006-ാംമാണ്ട് ഫെബ്രുവരി മാസം 2-ാം തീയതി വയനാട്, പാലക്കാട് ജില്ലകളിൽ നിർവ്വഹണം ആരംഭിച്ചു. 2007-ാമാണ്ട് ഏപ്രിൽ മാസം 1-ാം തീയതി മുതൽ ഇടുക്കി, കാസർഗോഡ് ജില്ലകളിലേക്കും 2008-ാമാണ്ട് ഏപ്രിൽ മാസം 1-ാം തീയതി മുതൽ ശേഷിക്കുന്ന ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കപ്പെട്ടു. 2013-14 സാമ്പത്തികവർഷം 2013 ഡിസംബർ 31 വരെ സംസ്ഥാനത്ത് 491.33 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു, 84412.40 ലക്ഷം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്ക് നൽകുകയുണ്ടായി. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | 2013 ഡിസംബർ 31 വരെ സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | 2013 ഡിസംബർ 31 വരെ തൊഴിലാളികളുടെ കൂലിയിനത്തിൽ ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| പാലക്കാട് | 4877009 | 9642.15 |
| വയനാട് | 2481961 | 4334.02 |
| ഇടുക്കി | 2938432 | 4484.2 |
| കാസർഗോഡ് | 1559434 | 2668.82 |
| ആലപ്പുഴ | 5083308 | 10109.12 |
| എറണാകുളം | 2887867 | 4821.25 |
| കണ്ണൂർ | 2002106 | 3357.11 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>കൊല്ലം</td><td>3658075</td><td>6367.54</td></tr>
<tr><td>കോട്ടയം</td><td>1479096</td><td>2717.61</td></tr>
<tr><td>കോഴിക്കോട്</td><td>3112851</td><td>3901.77</td></tr>
<tr><td>മലപ്പുറം</td><td>3153684</td><td>5343.26</td></tr>
<tr><td>പത്തനംതിട്ട</td><td>1979466</td><td>3161.39</td></tr>
<tr><td>തിരുവനന്തപുരം</td><td>9949701</td><td>16788.95</td></tr>
<tr><td>തൃശ്ശൂർ</td><td>3970321</td><td>6715.21</td></tr>
<tr><td></td><td>49133311</td><td>84412.4</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>എം.ജി.എൻ.ആർ.ഇ.ജി.എസി ൽ പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലെ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td>കരാർ അടിസ്ഥാനത്തിൽ എം.ജി. എൻ.ആർ.ഇ.ജി.എസ്-ൽ ജോലി ചെയ്യുന്ന അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് പ്രതിമാസ ഓണറേറിയം, യാത്രബത്ത, എന്നിവ കൂടാതെ 12 ദിവസം കാഷ്വൽ ലീവ്, 15 ദിവസത്തെ ലീവ് സറണ്ടർ ആനുകൂല്യം എന്നിവയും നൽകുന്നു.</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത വിഭാഗത്തിലെ വനിതാ ജീവനക്കാർക്ക് പ്രസവാവധി നൽകാനുള്ള ഏതെങ്കിലും ഫയലും തീർപ്പാക്കാതെ കിടക്കുന്നുണ്ടോ;</td>
<td>(സി)</td>
<td rowspan="2">സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ പന്ത്രണ്ടാമത് യോഗത്തിന്റെ 26-ാമത് തീരുമാനം പ്രകാരം കരാർ വനിതാജീവനക്കാർക്ക് പ്രസവാവധി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.</td>
</tr>
<tr>
<td>(ഡി)</td>
<td>വനിതാജീവനക്കാർക്കുള്ള പ്രസവാവധി എം.ജി.എൻ. ആർ.ഇ.ജി.എസി ലെ ജീവനക്കാർക്കും നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?</td>
<td>(ഡി)</td>
</tr>
</table>

സെക്ഷൻ ഓഫീസർ